# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 260** **02.03.2020-ൽ മറുപടിയ്ക്ക്**

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് വ്യാജ മരുന്നുലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>രാജ്യത്തെ പ്രമുഖ മരുന്ന് നിർമ്മാതാക്കൾക്കെല്ലാം തന്നെ സംസ്ഥാനത്ത് വ്യക്തമായ വിതരണ ശൃംഖല ഉണ്ട്. രാജ്യത്ത് GST സമ്പ്രദായം വന്നതോടെ ഈ ശൃംഖലയിലൂടെ അല്ലാതെ ഇതര സംസ്ഥാന വിതരണക്കാരിലൂടെ ഇതേ മരുന്നുകൾ സംസ്ഥാനത്ത് എത്തിക്കുന്ന സമ്പ്രദായം നിലവിൽ സംജാതമായിട്ടുണ്ട്. ഇത്തരം മരുന്നുകളുടെ ബാച്ചുകൾ നിരന്തരമായി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | സി) കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും, റൂൾസിലും നിഷ്കർഷിക്കുന്ന രീതിയിലാണ് രാജ്യമെമ്പാടും മരുന്നുകളുടെ നിർമ്മാണവും, വിതരണവും നിയന്ത്രിക്കപ്പെടുന്നത്. ഇപ്രകാരം തന്നെയാണ് സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത്. നിയമപ്രകാരം എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിലുള്ള ഔഷധ വ്യാപാര സ്ഥാപനങ്ങൾ നിരന്തരമായി പരിശോധനയ്ക്ക് വിധേയമാക്കുകയും, മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച്, ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ അയച്ച് നൽകുകയും, പരിശോധനയുടെ അടിസ്ഥാനത്തിൽ അവ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ലെന്ന് കണ്ടെത്തിയാൽ, |

നിയമം അനുശാസിക്കുന്ന രീതിയിൽ പ്രോസിക്ക്യൂഷൻ, ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത നിർമ്മാണ സ്ഥാപനത്തിൽ നിന്നും നിർമ്മിക്കുന്ന മരുന്നുകൾ വീണ്ടും ഇത്തരത്തിലുള്ള അപാകതകൾ വരാതിരിക്കുവാൻ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**